# സ്നേഹപൂക്കൾ വിരിയട്ടെ

**കുടുംബം ● ഡോ. സമീർ യൂനുസ്**

**രണ്ടുതരം** ദാമ്പത്യമുണ്ട്. ഒന്നാമത്തേത് സമാധാനപൂർണം, സന്തോഷഭരിതം. രണ്ടാമത്തേത് പ്രശ്നകലുഷിതം, അസ്വസ്ഥപൂർണം. ദമ്പതികൾക്കിടയിൽ പ്രശ്നങ്ങളേ ഇല്ലാത്തത് കൊണ്ടല്ല ഒന്നാമത്തേത് സമാധാനപൂർണമായത്. ദമ്പതികളിൽ ഇരുവർക്കും വിട്ടുവീഴ്ച ചെയ്യാനും പൊറുക്കാനുമുള്ള വിശാല മനസ്സ് ഉള്ളതുകൊണ്ടാണ്. ഇതില്ലാത്തതുകൊണ്ടാണ് രണ്ടാമത്തെ ഇനം ദാമ്പത്യം പ്രശ്നസങ്കീർണമായിത്തീരുന്നത്. ആധിപത്യ മനഃസ്ഥിതിയും ചുഴിഞ്ഞന്വേഷിക്കലും തെറ്റുകളെ പെരുപ്പിക്കലുമൊക്കെയാണ് അവിടെ നടക്കുക. ദാമ്പത്യ കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം പരസ്പര വിട്ടുവീഴ്ചയാണ് എന്ന് സമർഥിച്ചുകൊണ്ട് ഞാനൊരു ലേഖനം എഴുതിയപ്പോൾ ഇമെയിലിൽ എനിക്കൊരു കത്ത് വന്നു. വായനക്കാർക്ക് വേണ്ടി ആ കത്തിന്റെ സംഗ്രഹം ഇവിടെ കൊടുക്കാം. അവരുടെ ദാമ്പത്യം വിജയപ്രദമാക്കാൻ അത് ഉപകരിച്ചെങ്കിലോ. കത്തിന്റെ ഉള്ളടക്കം ഇങ്ങനെ:

ആഹ്ലാദകരമായ ദാമ്പത്യജീവിതം നയിക്കുന്ന ഭാര്യയും ഭർത്താവും. ഇടക്കിടെ ചില്ലറ പ്രശ്നങ്ങളുണ്ടാകാറുണ്ട്. അത് കുടുംബാന്തരീക്ഷത്തിൽ കാലുഷ്യങ്ങളുണ്ടാക്കും. ഇവിടെയിതാ ഭർത്താവ് തീന്മേശക്ക് മുമ്പിൽ ഇരിക്കുകയാണ്. പ്രാതൽ കൊണ്ട് വെച്ച് ഭാര്യ അടുക്കളയിലേക്ക് പോയിരിക്കുന്നു. അയാൾ പുഴുങ്ങിയ മുട്ടയുടെ തോട് പൊളിക്കാൻ തുടങ്ങി. അപ്പോഴേക്ക് തന്നോടൊപ്പം പ്രാതൽ കഴിക്കാൻ ഭാര്യ എത്തുമെന്നായിരുന്നു കരുതിയത്. പക്ഷേ, അവൾ വന്നില്ല... അയാൾ പാൽ നിറച്ച ഗ്ലാസ് തൊട്ടുനോക്കി. അത് തണുത്തിരിക്കുന്നു. കുടിക്കാൻ നോക്കിയെങ്കിലും ഒട്ടും രുചി തോന്നിയില്ല. അവിടെത്തന്നെ വെച്ചു. മുട്ട കഴിക്കാൻ രണ്ടാമതൊരു ശ്രമം നടത്തിയെങ്കിലും കഴിഞ്ഞില്ല.



തന്നോടൊപ്പം പ്രാതൽ കഴിക്കാൻ ഭാര്യ വരുമെന്ന പ്രതീക്ഷയോടെ അയാൾ അടുക്കളയിലേക്ക് നോക്കിക്കൊണ്ടിരുന്നു. രണ്ടു പേരും ഒന്നിച്ചാണ്

പ്രാതൽ കഴിക്കുക. അതാണ് പതിവ്. കുറച്ച് കഴിഞ്ഞപ്പോൾ ഭാര്യ അപ്പവുമായി എത്തി. അവൾ തീന്മേശക്ക് മുമ്പിൽ ഇരിക്കാൻ ശ്രമിച്ചു. പക്ഷേ, കഴിഞ്ഞില്ല. കഴിഞ്ഞ ദിവസം ഭർത്താവ് അവളെ അവഹേളിക്കുന്ന എന്തോ വാക്ക് പറഞ്ഞിരുന്നു. ഇതുവരെ അദ്ദേഹമതിന് അവളോട് മാപ്പ് ചോദിച്ചിട്ടില്ല. മാപ്പ് ചോദിച്ചാൽ താൻ അവളുടെ മുമ്പിൽ കൊച്ചാകില്ലേ. ഇതാണ് ഭർത്താവിന്റെ വിചാരം.

ഭാര്യ വീണ്ടും അടുക്കളയിലേക്ക് തിരിച്ചുപോയി. പാത്രങ്ങൾ ഓരോന്നെടുത്ത് കഴുകാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ മുൻവശത്തെ വാതിൽ അടയുന്ന ഒച്ച കേട്ടു. ഭർത്താവ് ജോലി സ്ഥലത്തേക്ക് പോകാനിറങ്ങിയിരിക്കുന്നു. അവൾ തീന്മേശയിലേക്ക് തിരിച്ചുവന്നു. ഭക്ഷണമെല്ലാം വിളമ്പി വെച്ച അതുപോലെത്തന്നെയുണ്ട്. പാൽ കുടിച്ചിട്ടില്ല. മുട്ടയുടെ അൽപഭാഗം പൊളിച്ചിരിക്കുന്നു. അവൾ സ്വയം പറഞ്ഞു: പതിവുപോലെ ഞാൻ മുട്ടത്തോട് പൊളിച്ച് കഷ്ണമാക്കി തരുമെന്ന് താങ്കൾ കരുതിയിട്ടുണ്ടാവും. അത്തരം സേവനത്തിനൊന്നും ഇനി താങ്കൾക്ക് അർഹതയില്ല. ഞാനിത്രയൊക്കെ സേവനം ചെയ്തിട്ടും താങ്കൾ എന്നെ വാക്കുകൾ കൊണ്ട് മുറിപ്പെടുത്തിയിരിക്കുന്നു. ക്ഷമ ചോദിച്ചിട്ടുമില്ല.

ഒന്ന് തല ചായ്ക്കാമെന്ന് കരുതി അവൾ ബെഡ്റൂമിൽ കടന്നു. എന്നും അങ്ങനെയാണ്. രാവിലെ വളരെ നേരത്തെ എഴുന്നേൽക്കും. കുട്ടികൾക്ക് നേരത്തെ സ്കൂളിൽ പോകാനുള്ളതാണ്. അപ്പോഴേക്ക് ഭക്ഷണവും സ്കൂൾ ബാഗുകളുമെല്ലാം റെഡിയാക്കണം. പിന്നെ ഭർത്താവിനെ ജോലിസ്ഥലത്തേക്ക് അയക്കുന്നതുവരെ വിശ്രമമില്ല. അത് കഴിഞ്ഞാണ് ചെറിയൊരു ഉറക്കം. പക്ഷേ ഇന്ന് അവൾക്ക് ഉറക്കം വന്നതേയില്ല. തന്നെ അപമാനിച്ച ഈ മനുഷ്യനുമായി എങ്ങനെ ഒത്തുകഴിയും എന്ന ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നു. മുന്നറിയിപ്പായി അവൾ കുറച്ചുറക്കെത്തന്നെ പറഞ്ഞു: നോക്കിക്കോ, ഞാനെന്താണ് ചെയ്യുകയെന്ന് നോക്കിക്കോ. അപ്പോൾ നിങ്ങൾക്ക് മനസ്സിലാവും എന്റെ വില എത്രയാണെന്ന്.

ഉറക്കം വരാതെ അവൾ തീന്മേശയിലേക്ക് വരുമ്പോൾ വേദനയും അരിശവും അവളെ ശുണ്ഠിപിടിപ്പിച്ചിരുന്നു. തീന്മേശ വൃത്തിയാക്കാൻ തുടങ്ങുമ്പോഴാണ് അവളത് കണ്ടത്. രണ്ട് റോസാപുഷ്പങ്ങൾ. ഒന്ന് വെള്ള, മറ്റേത് ചുവപ്പ്. അതിന് താഴെ ഒരു കടലാസ് മടക്കി വെച്ചിട്ടുണ്ട്. അവൾ കടലാസ് തുറന്ന് നോക്കി. ഭർത്താവിന്റെ എഴുത്താണ്.

"അല്ലാഹുവിന്റെ നാമത്തിൽ. എന്റെ ജീവിതത്തിലെ മനോഹര റോസാപുഷ്പമായ എന്റെ പ്രിയതമക്ക്. അസ്സലാമു അലൈക്കും. പ്രിയപ്പെട്ടവളേ, ഇന്നത്തെ പ്രാതലിന് നീയെന്നോടൊപ്പം ഇരിക്കുമെന്ന് ഞാനെത്ര മാത്രം ആഗ്രഹിച്ചതാണ്. നീയില്ലാത്തതുകൊണ്ട് എനിക്കൊന്നും കഴിക്കാനേ കഴിഞ്ഞില്ല. എല്ലാ ദിവസവും സ്നേഹപുഞ്ചിരിയോടെയാണല്ലോ നീ എന്നെ യാത്ര അയക്കാറുള്ളത്. ഞാനത് ഇന്ന് എത്രയധികം കൊതിച്ചെന്നോ. വളരെ ദുഃഖിതനായാണ് ഇന്ന് ഞാൻ ജോലി സ്ഥലത്തേക്ക് ഇറങ്ങിയത്. കാരണം എനിക്കിന്ന് ആ സ്നേഹപുഞ്ചിരി കിട്ടിയിട്ടില്ലല്ലോ. നിന്റെ പുഞ്ചിരിയാണ് എനിക്ക് കരുത്ത് നൽകുന്നത്, എന്നെ സൗഭാഗ്യവാനും ഊർജസ്വലനുമാക്കുന്നത്, ജോലി ഭാരങ്ങൾ ക്ഷമയോടെ ഏറ്റെടുക്കാൻ എന്നെ പ്രാപ്തനാക്കുന്നത്... പ്രിയപ്പെട്ടവളേ, ഞാൻ നിന്നോട് വലിയൊരു തെറ്റ് ചെയ്തുപോയി. ഞാനാണെങ്കിൽ ക്ഷമ ചോദിച്ചതുമില്ല. പിശാചിന്റെ ദുർമന്ത്രണങ്ങളിൽ ഞാൻ പെട്ടുപോയി. നിന്റെ മനസ്സിലും അവൻ ദുർമന്ത്രണം നടത്തുന്നുണ്ടാവണം. അവൻ എന്റെയും നിന്റെയും ശത്രുവാണല്ലോ. ഇത്തവണ അവൻ കുഴപ്പം തുടങ്ങിവെച്ചത് എന്നെ മുമ്പിൽ നിർത്തിയാണ്. അതുകൊണ്ട് ക്ഷമയും മാപ്പും ചോദിക്കേണ്ടത് ഞാനാണ്. എന്റെ ഈ ക്ഷമാപണം നീ പൂർണ മനസ്സോടെ സ്വീകരിക്കില്ലേ?

നീ അടുക്കളയിൽ നിന്ന് വരാൻ വൈകിയപ്പോൾ, എന്റെ കൂടെ പ്രാതൽ കഴിക്കാൻ വിസമ്മതിച്ചപ്പോൾ തന്നെ ക്ഷമ ചോദിക്കണമെന്ന് ഞാൻ വിചാരിച്ചതാണ്. അവിടെയും പിശാച് എന്നെ കീഴ്പ്പെടുത്തിക്കളഞ്ഞു. അങ്ങനെയാണ് ഒന്നും പറയാതെ ഞാൻ വീട് വിട്ടിറങ്ങിയത്. ഇനി ഞാൻ വാക്ക് തരുന്നു, മൂന്നാം തവണ എന്റെ മേൽ വിജയം നേടാൻ ഞാൻ പിശാചിനെ സമ്മതിക്കില്ല. അങ്ങനെയാണ് ഈ ക്ഷമാപണക്കുറിപ്പ് എഴുതിവെക്കുന്നത്. പിശാചിനെ കീഴടക്കാൻ നീ എന്നോട് സഹകരിക്കില്ലേ? കഴിഞ്ഞതെല്ലാം നീ മറക്കണം, പൊറുക്കണം. അത് സൂചിപ്പിക്കാനാണ് എഴുത്തിനോടൊപ്പം വെള്ള റോസാപ്പൂ വെച്ചിരിക്കുന്നത്. ചുവന്ന റോസാപ്പൂ നമ്മുടെ അനശ്വര പ്രണയത്തിന്റെയും ആ സ്നേഹമില്ലാതെ എനിക്ക് ജീവിക്കാൻ കഴിയില്ല എന്നതിന്റെയും

അടയാളമാണ്. ഞാനെഴുതിയ ഈ വാക്കുകൾ നമ്മുടെ ജീവിതത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കമാവട്ടെ. നമുക്കിടയിലെ സ്നേഹം എന്നെന്നും നിലനിർത്തുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. പിശാചിനെതിരെ നമുക്കൊന്നിച്ച് പൊരുതി ജയിക്കാൻ നീ എന്റെ ഈ ക്ഷമാപണം സ്വീകരിക്കില്ലേ?"

ഭാര്യയുടെ കവിൾതടങ്ങൾ സ്നേഹക്കണ്ണീരിനാൽ നിറഞ്ഞൊഴുകി. അവൾ ആ എഴുത്തും റോസാപ്പൂക്കളും മാറോടണച്ച് ചുംബിച്ചുകൊണ്ടിരുന്നു. 'പ്രിയനേ, എന്നോട് പൊറുക്കുക' അവളത് പിന്നെയും പിന്നെയും ഉരുവിടുമ്പോൾ കരയുന്നുണ്ടായിരുന്നു. പിന്നെയവൾ ഒരു തേനീച്ചയുടെ ചടുലതയോടെ വീട്ടിലെങ്ങും പാറി നടന്നു. ഭർത്താവിന് ഇഷ്ടപ്പെട്ട ഉച്ച ഭക്ഷണം ഒരുക്കി. വീട് പൂക്കളാൽ അലങ്കരിച്ചു. സുഗന്ധതിരികൾ കത്തിച്ചുവെച്ചു. ഭർത്താവിനെ സ്വീകരിക്കാൻ അവൾ ഒരുങ്ങിക്കഴിഞ്ഞു. ഭർത്താവ് വീട്ടിലെത്തേണ്ട താമസം, ഇരുവരും പരസ്പരം സ്വീകരിക്കാനും സ്വാഗത വചനങ്ങൾ കൈമാറാനും ഓടിയടുക്കുകയായിരുന്നു. എന്തൊരു നിറപുഞ്ചിരി, സ്നേഹവചനങ്ങൾ!

ഇത് എല്ലാ ദമ്പതികൾക്കുമുള്ള സന്ദേശമാകുന്നു. ക്ഷമ ചോദിച്ചും വിട്ടുവീഴ്ച ചെയ്തും സ്നേഹപൂക്കൾ കൈമാറിയും എങ്ങനെ സൗഭാഗ്യം വിരിയുന്ന ദാമ്പത്യബന്ധം നട്ടുവളർത്താം എന്ന സന്ദേശം. ■

(*അൽമുജ്തമഅ്* വാരിക, ലക്കം 1883)